വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ
*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ശ്ലീഹാ നാലാം ഞായർ

2022
ജൂൺ 26



# അവനൊപ്പം അവർ ഇടറാതെ

പുറപ്പാട് 20:1, എസെക്കിയേൽ 31-11; റോമാ 10:5-15, യോഹന്നാൻ 6:60-69

**മൈക്ക്** ഗോൾഡ് എന്ന യഹൂദ ബാലനോട്, തങ്ങൾ താമസിക്കുന്ന യഹൂദ തെരുവുകൾ വിട്ട് പുറത്തു പോകരുതെന്ന് അവന്റെ അമ്മ നിർദേശിച്ചിരുന്നു.

ഒരിക്കൽ നിരോധിത മേഖലയിലേക്ക് കടന്നുചെന്ന അവനെ വളഞ്ഞുകൊണ്ട് മുതിർന്ന കുട്ടികൾ ചോദിച്ചു: 'എടാ, നീ ക്രിസ്തുവിനെ കൊല്ലുന്നവനാണോ?' അവൻ പറഞ്ഞു - എനിക്കറിയില്ല. മൈക്കിന്റെ വാസസ്ഥലം എവിടെ എന്ന് അവർ ആരാഞ്ഞു. അവൻ തന്റെ മേൽവിലാസം പറഞ്ഞു. നീ ക്രിസ്തുവിനെ കൊല്ലുന്നവൻ തന്നെ, അവർ ആർത്തുവിളിച്ചു. 'ഇതു കത്തോലിക്കർ വസിക്കുന്ന സ്ഥലമാണ്. നിനക്കൊരു ചേരിയുണ്ട്. നീ അവിടേക്കു പോകണം. ആ ചേരി വിട്ട് നീ പുറത്തിറങ്ങരുത്.' അവർ ആ ബാലന്റെ ദേഹത്തും മുഖത്തും അടിച്ചു, കവിൾത്തടങ്ങൾ മാന്തിപ്പറിച്ചു. വസ്ത്രങ്ങൾ കീറിപ്പറിച്ചു. മൈക്ക് ജീവനും കൊണ്ടോടി. ആർപ്പുവിളികൾ മുഴങ്ങുന്നുണ്ടായിരുന്നു. 'ഞങ്ങൾ കത്തോലിക്കർ. നീ ക്രിസ്തുവിനെ കൊന്നവൻ...'

ഓടിക്കിതച്ച് വീട്ടിലെത്തിയ മകനോട് അമ്മ ചോദിച്ചു: മോനെ, നിനക്ക് എന്തുപറ്റി? അവൻ ആവർത്തിച്ചു, 'എനിക്കറിയില്ല.' രക്തം പുരണ്ട മുഖം കഴുകിത്തുടച്ച് അമ്മ മകനെ പുതുവസ്ത്രങ്ങൾ അണിയിച്ചു. മകനെ മടിയിലിരുത്തി ആശ്വസിപ്പിച്ചു. രക്തം പൊടിയുന്ന മുഖം അമ്മയുടെ ചെവിയിലമർത്തി മൈക്ക് ഗോൾഡ് വേദനയോടെ ചോദിച്ചു: മമ്മി, ക്രിസ്തു ആരാണ്?

## ക്രിസ്തുവിൽ ഭിന്നിക്കുന്നവർ

ഈ ചോദ്യത്തിനു മുഴക്കമുണ്ട്, മാറ്റൊലിയുണ്ട്, ഇത്



ജോമോൻ എം. മങ്കുഴിക്കരി

സഹസ്രാബ്ദങ്ങളിലൂടെ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ചക്രവർത്തിമാരും തത്വചിന്തകരും സാധാരണ ജനങ്ങളും ഈ ചോദ്യത്തെ നീളത്തിലും വീതിയിലും ആഴത്തിലും മനനം ചെയ്തു. യേശു തന്നെക്കുറിച്ച് പറഞ്ഞതും അവിടുത്തെ വിശ്വസിച്ചവർ പ്രഘോഷിച്ചതുമായ ആ ജീവിതം അനേകർക്ക് ദുർഗ്രഹമായ അടയാള മായി. യേശുവിനെ എതിർത്തിരുന്ന വരോ, വ്യത്യസ്തമായ മതചിന്തകൾ ഉണ്ടായിരുന്നവരോ മാത്രമല്ല, യേശുവിന്റെ അനുയായികൾ പോലും ക്രിസ്തുവിൽ ഭിന്നിച്ചു. അവിടുത്തെ ജീവിതകാലത്തുതന്നെ, യേശുവിനെ വിട്ടുപോയ അനുയായികളെ ഇന്നത്തെ വചനഭാഗത്ത് നാം കണ്ടുമുട്ടുന്നു.

## ഇടർച്ചയുടെ ഭാഷ്യം

തന്റെ മാംസം ഭക്ഷിക്കാനും തന്റെ രക്തം പാനം ചെയ്യാനുമുള്ള അവിടു ത്തെ ആഹ്വാനം ശ്രവിച്ച യഹൂദർക്കു മാത്രമല്ല, സ്വന്തം ശിഷ്യർക്കും അത് ഗ്രഹിക്കാവുന്നതോ ദഹിക്കുന്നതോ ആയിരുന്നില്ല. സാമാന്യമായി മനുഷ്യർക്ക് ഉൾക്കൊള്ളാൻ കഴിയാത്തതായിരുന്നു ആ ഭാഷ തന്നെ.

തന്റെ വാക്കുകൾ തന്നെ അനുയാത്ര ചെയ്യുന്നവർക്ക് സങ്കീർണമാകുന്നു വെന്ന് യേശു മനസിലാക്കിയിരുന്നു. വചനം കഠിനമാണെന്ന് തുറന്നു പറയുന്ന ശിഷ്യരും അത് അവർക്ക് ഇടർച്ചയുണ്ടാക്കുന്നുവെന്ന് തിരിച്ചറിയുന്ന ഗുരുവും.

## ശിഷ്യത്വത്തിന്റെ സിലബസ് പരിഷ്കരിച്ചപ്പോൾ

ശിഷ്യത്വത്തിന്റെ വൈവിധ്യവും അതിന്റെ വളർച്ചയുടെ പ്രകാശ പഥങ്ങളും യോഹ 6:60-69 പരിച്ഛേദം ചെയ്യുന്നു. ആൾക്കൂട്ടത്തിൽ നിന്ന് അവനൊപ്പം ചേർന്നവർ, യേശുവിനെ അനുഗമിക്കുന്നതിനു പലവിധ കാരണങ്ങൾ കണ്ടെത്തിയവർ അക്കൂട്ടത്തിലുണ്ടായിരുന്നു. അവൻ കൊടുത്ത ഭൗമിക അപ്പം അവരുടെ വിശപ്പ് ശമിപ്പിച്ചപ്പോൾ അവർക്ക് ആഹ്ളാദനിറവുണ്ടായി, രോഗസൗഖ്യം ലഭിച്ചപ്പോൾ അവരുടെ ആശ്വാസത്തിന് അതിരുണ്ടായിരുന്നില്ല. സമകാലിക ജീവിതത്തിൽ ഈ വിശ്വാസത്തിന്റെ അവാന്തരഭേദങ്ങൾ നഗ്നനേത്ര ങ്ങൾകൊണ്ടു തന്നെ നാം കണ്ടു മുട്ടാറുണ്ട്. അല്ലെങ്കിൽ, ഈ വിശ്വാസ ശൈലി നമ്മളും സ്വന്തമാക്കിയിട്ടുണ്ട്.

ശിഷ്യത്വത്തിന്റെ പ്രാഥമികതലം പിന്നിട്ട് ഒരു ഗ്രാഡ്വേഷനിലേക്ക് യേശു തന്റെ ശിഷ്യരെ നയിക്കുകയായിരുന്നു., തന്റെ ശരീര രക്തങ്ങളിൽ പങ്കുചേരാൻ ആഹ്വാനം ചെയ്തതിലൂടെ..

മണ്ണിന്റെ പരിമിതികളിൽ നിന്ന് വിണ്ണിന്റെ മഹിമയിലേക്കും തന്റെ പിതാവിന്റെ രാജ്യത്തെക്കുറിച്ചും യേശു തന്റെ സിലബസ് വികസ്വരമാക്കി യപ്പോൾ ശിഷ്യരിൽ ഒരു കൂട്ടർക്ക് അത് കഠിനമായി. ഭൗമിക അപ്പത്തിന്റെ അനുസ്യൂത സ്രോതസായ ഒരു ഗുരുവിനെയാണവർ തേടിയത്. അതിനപ്പുറമുള്ള വാക്കുകൾ അസാധരണവും അസന്തുലിതവുമായി അവർക്ക് അനുഭവപ്പെട്ടു.

## ദഹിക്കാത്ത പദസഞ്ചയം

കൺമുന്നിൽ കണ്ട അതിശയങ്ങൾ ഭ്രമിപ്പിച്ചപ്പോൾ യേശുവിന്റെ പിന്നാലെ ചേർന്നുവന്ന ഹ്രസ്വകാല ലക്ഷ്യ ങ്ങളിൽ മനസുറപ്പിച്ച അനുയായി വൃന്ദമായിരുന്നത്. അവർ പ്രാമുഖ്യവും പ്രാധാന്യവും നൽകിയ നിയോഗ ങ്ങൾക്കും താത്പര്യങ്ങൾക്കും അനുയോജ്യമായ ഒരു മിശിഹായെ യായിരുന്നു അവർക്ക് വേണ്ടത്. ദൈവരാജ്യമല്ല, രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ ഒരു ഭൂമിക അവർ സ്വപ്നം കണ്ടു. അതിനുവേണ്ടിയുള്ള ആശ്രിതത്വ യാത്രയാണ് അവർ യേശുവിന്റെ പിന്നാലെ നടത്തിയത്. ദൈവരാജ്യത്തിന്റെ ദഹിക്കാത്ത പദസഞ്ചയത്തിൽ അവർ ആ യാത്ര അവസാനിപ്പിച്ചത് പ്രതിഷേധ മുയർത്തിയായിരുന്നില്ല, പുതിയ സംഘമോ സഖ്യമോ രൂപീകരിച്ചുമില്ല. തങ്ങളുടെ നിസഹായതയിൽ അവർ പിൻവാങ്ങി.

## മോശയാണു മെച്ചം

മോശയുടെ നിയമവും പഴയ നിയമ കാലവും യേശുവിലെത്തിയപ്പോൾ കഠിനമാക്കുന്നതിനും അവർക്ക് ദൃഷ്ടാന്തങ്ങളുണ്ടായിരുന്നു. അക്ഷരാർ ത്ഥത്തിലുള്ള വ്യഭിചാരവും കൊലപാതകവുമാണ് മോശ ശിക്ഷാഹേതുക്കളായി പരിഗണിച്ച തെങ്കിൽ യേശുവിനു സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. ആസക്തിയോടെ സ്ത്രീയെ നോക്കു ന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു. അപ്രകാരം യേശു അവരിൽ പലർക്കും കഠിന വഴികളുടെ പ്രയോക്താവും പ്രവാചകനുമായി.

ജനത്തിന്റെ മനോഭാവത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ഏശയ്യാ പ്രവാചകൻ പറഞ്ഞു: ഈ ജനം വാക്കുകൾ കൊണ്ട് മാത്രം എന്നെ സമീപിക്കുകയും അധരംകൊണ്ടു മാത്രം എന്നെ ആരാധിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്ന് അകന്നിരിക്കുന്നു. എന്റെ നേർക്കുള്ള ഇവരുടെ ഭക്തി മന:പാഠമാക്കിയ മാനുഷികനിയമമാണ് (ഏശ 29:13). മത്തായിയുടെ സുവിശേഷം 15:8 ൽ യേശു ഈ പ്രവചനത്തിന് അടിവരയിടുന്നു.

## ആ പന്ത്രണ്ടുപേർ

യേശുവിന്റെ വഴിയെ ഉപേക്ഷിച്ചു പോയവർക്ക് അവരുടെ കാരണങ്ങൾ ഉണ്ടായിരുന്നെങ്കിൽ അവിടുത്തെ ദൈവികത കണ്ടെത്താൻ കഴിഞ്ഞത് അതിനു കൃപ ലഭിച്ചവർക്കാണ്. ആത്മാവിന്റെയും ജീവന്റെയും ദാനങ്ങൾ ലഭിച്ചവർ ജനക്കൂട്ടത്തിന്റെ പിന്നാലെ പോയില്ല, യേശുവിനെ തുടർന്നും അനുഗമിച്ചു. സന്നിഗ്ദ്ധമായ സാഹചര്യത്തിന്റെ വിഹ്വലതകൾ ക്കിടയിൽ യേശു പന്ത്രണ്ടു പേരോടു ചോദിക്കുന്നുണ്ട്. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? ആത്മാവും ജീവനും നിറഞ്ഞ അവന്റെ വാക്കുകൾ നിരന്തരം ശ്രവിച്ച സന്തത സഹചാരികളോടായിരുന്നല്ലോ ആ ചോദ്യം. ശിഷ്യത്വം വെല്ലുവിളിക്കപ്പെട്ട ആ മങ്ങിയ നിമിഷങ്ങളിലായിരുന്നു പത്രോസിന്റെ പ്രത്യുത്തരം. 'കർത്താവേ, ഞങ്ങൾ ആരുടെ പക്കലേക്ക് പോകും? നിത്യ ജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്' (യോഹ 6:68).

## നമ്മുടെ പരാജയങ്ങളിൽ

യേശുവിനെ പിഞ്ചെല്ലാൻ നാം പരാജിതമാകുന്ന നിമിഷങ്ങളിൽ ഒരു



പ്രാർത്ഥനാ മന്ത്രണം പോലെ ഹൃദയത്തെ ഉജ്ജീവിപ്പിക്കുകയും ജ്വലിപ്പിക്കുകയും ചെയ്യേണ്ടതല്ലേ പത്രോസിന്റെ ഈ വാക്കുകൾ ?! അയാൾ അത് പറഞ്ഞത് അയാൾക്കു വേണ്ടി മാത്രമായിരുന്നില്ല. ഒരാൾ കൂട്ടത്തിൽ നിന്ന് പിന്നീട് പൊഴിഞ്ഞുപോയ ആ പന്ത്രണ്ടുപേർക്കു വേണ്ടി മാത്രവുമായിരുന്നില്ല. കാലചക്രത്തിനൊപ്പം യേശുവിനെ അനുയാത്ര ചെയ്യുമ്പോൾ സന്ദേഹത്തിന്റെ ക്ലിഷ്ടകാലത്തിലൂടെ കടന്നുപോകേണ്ടിവരുന്ന കോടിക്കണക്കിനു വരുന്ന വിശ്വാസ സമൂഹത്തിനു വേണ്ടിയാണ്.

## അവർക്കൊപ്പം അപ്പമായ്

വിട്ടുപോയവരെക്കുറിച്ച് പിന്നീട് നാമൊന്നും കേട്ടില്ല, ഒന്നും അവരെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുമില്ല. എന്നാൽ വിട്ടുപോകാതെ അവനൊപ്പം തുടർന്നവർ, അവർ ലോകത്തിന്റെ അതിർത്തികളിൽ അവന്റെ മാർഗത്തെ അടയാളപ്പെടുത്തി, വിശ്വാസി സമൂഹത്തിന്റെ ജനയിതാക്കളും കുലപതികളുമായി; രക്തം ചിന്തി തന്നെയായിരുന്നു ആ അടയാള പ്പെടുത്തൽ. നമ്മെ യേശുവുമായി ഗാഢമായി ബന്ധിപ്പിച്ചത് നിത്യജീവന്റെ അപ്പമായ യേശുവിനോട് ചേർന്ന് അവർ നടത്തിയ ജീവിതയാത്രകൾ തന്നെ.

ഭൗതികമല്ലാത്ത ആ അപ്പം പ്രദാനം ചെയ്യുന്ന സ്നേഹ സഹവാസത്തിൽ നാം യേശുവിൽ നിത്യം ഒന്നായിരി ക്കാൻ ക്ഷണിക്കപ്പെട്ടവരാണല്ലോ. നമ്മുടെ തിരഞ്ഞെടുപ്പും സന്നദ്ധത യുമാണ് ആ ക്ഷണത്തെ പൂർത്തീ കരിക്കുന്നത്. ഭാഗികമായി ക്രിസ്തുവിനെ ഉൾക്കൊണ്ട് സൗകര്യാത്മകമായൊരു വിശ്വാസ ജീവിതയാത്ര സാദ്ധ്യമല്ല... നമ്മുടെ യാത്രയിൽ യേശുവിന്റെ ശിഷ്യരെ യെന്ന പോലെ നമ്മളും എത്ര തവണ കുലുങ്ങിയിരിക്കുന്നു? അവനോടൊപ്പം നിൽക്കാനും അവനു മാത്രം നൽകാൻ കഴിയുന്ന ജീവിതം അനുഭവിക്കാനും വിശ്വാസവും ശക്തിയും നിരന്തരം നാം തേടേണ്ടിയിരിക്കുന്നു. എല്ലാറ്റിനുമുപരി നമ്മുടെ ലോകത്തെ യേശുവിന്റെ കണ്ണുകളാൽ കാണാൻ നമുക്ക് കഴിയട്ടെ.

അപ്പോൾ സഭയുടെ പേരിലോ, യേശുവിനു വേണ്ടിയോ ഭിന്ന താത്പര്യങ്ങളും വ്യത്യസ്ത വീക്ഷണ ങ്ങളും ഉള്ളവരെ മനസുകൊണ്ട് പോലും മുറിവേൽപ്പിക്കാൻ നാം തയ്യാറാവില്ല. യേശുവിന്റെ നിത്യത യുടെ ഭാഗഭാക്കുകളെന്ന നിലയിൽ രാജകീയമായ പിടിച്ചടക്കലുകളോ അശ്വമേധങ്ങളോ നമ്മെ ആഹ്ളാദചിത്തരാക്കില്ല. അവനിൽ നിന്ന് നാം സ്വന്തമാക്കിയ ഇടയ തുല്യമായ സ്നേഹസമാശ്ലേഷ ത്താലാവും ഈ ഭൂമിയിൽ നമ്മുടെ മുദ്രകൾ പതിയുന്നത്.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com